**അടിയന്തരപ്രമേയം**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണം

മി. സ്പീക്കർ: 2022-23 ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ച തുക വെട്ടിക്കുറച്ചതും സാമ്പത്തിക വർഷം ആരംഭിച്ച് മൂന്നുമാസം പിന്നിട്ടിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അന്തിമ വാർഷിക പദ്ധതി രൂപീകരിക്കാൻ സാധിക്കാത്തതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ നജീബ് കാന്തപുരം, അൻവർ സാദത്ത്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി സംബന്ധിച്ച് 04-06-2022 -ലെ 1376, 05-07-2022-ലെ 1602 എന്നീ സർക്കാർ ഉത്തരവുകളിലൂടെ 2022-23 ബജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ച തുക വെട്ടിക്കുറച്ചുവെന്ന

പ്രശ്നമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ബഹുമാന്യരായ നജീബ് കാന്തപുരം, അൻവർ സാദത്ത്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നിവർ നൽകിയിട്ടുള്ള അടിയന്തരപ്രമേയ നോട്ടീസിൽ ഇതാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അവയെ ശാക്തീകരിക്കുന്നതിനും നിയമസഭാംഗങ്ങൾ കാണിക്കുന്ന താൽപ്പര്യം അഭിനന്ദനീയമാണ്. ആ നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണത്തെ സംബന്ധിച്ച അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകാൻ കാണിച്ച താൽപ്പര്യത്തെ സ്വാഗതം ചെയ്യുകയാണ്. ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലത്ത് ജനകീയാസൂത്രണത്തിന് തുടക്കമിട്ട അധികാര വികേന്ദ്രീകരണ പ്രക്രിയയും, വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയും 25 വർഷം പൂർത്തിയാക്കുന്ന ഈ വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണം കൂടിയാണ്. ഇപ്രാവശ്യത്തെ

പ്രധാനപ്പെട്ട പ്രത്യേകതയുമിതാണ്. പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരിക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖകൾ 19-4-2022-ലെ 84/22, 86/22 എന്നീ ഉത്തരവുപ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ മുന്നോട്ടുവയ്ക്കുന്ന വികസന പരിപ്രേക്ഷ്യവും, വികസന മുൻഗണനകളും കണക്കിലെടുത്തുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഈ പദ്ധതി മാർഗ്ഗരേഖകൾ പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലേയ്ക്കുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ഇത്തരത്തിൽ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പൊതുസമീപനവും മുൻഗണനയും സർക്കാർ നിശ്ചയിച്ചതിനുശേഷമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ തയ്യാറാക്കിയത്. അതുകൊണ്ടാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ വാർഷിക പദ്ധതി രൂപീകരണം ആരംഭിക്കുന്നതിന് സ്വാഭാവികമായ കാലതാമസമുണ്ടായത്. ഓരോ പഞ്ചവത്സര പദ്ധതിയുടെയും ആദ്യവർഷക്കാലം ഇത്തരത്തിൽ ഒഴിവാക്കാനാകാത്ത കാലതാമസം ഉണ്ടായിട്ടുണ്ട്. പദ്ധതി രേഖ പുറപ്പെടുവിച്ചതിനുശേഷം തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ സബ്സിഡി അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയും 28-5-2022-ലെ 115/2022 നമ്പർ സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെല്ലാം അവരുടെ വാർഷിക പദ്ധതി തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ അതിവേഗത്തിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വികസന കാഴ്ച്ചപ്പാട് വ്യക്തമാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുക, വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിക്കുക, വികസന രേഖ തയ്യാറാക്കുക, ഗ്രാമസഭകൾ വിളിച്ചുചേർക്കുക, വികസന സെമിനാറുകൾ നടത്തുക തുടങ്ങിയ പദ്ധതി രൂപീകരണ പ്രക്രിയകളെല്ലാം പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അതിനുശേഷം ഡി.പി.സി. അംഗീകാരത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൂർണ്ണ വാർഷിക പദ്ധതികൾ സമർപ്പിച്ചുവരികയാണ്. അതേസമയം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനിവാര്യമായി

ഏറ്റെടുക്കേണ്ട പദ്ധതികളും സ്പിൽ ഓവർ പ്രോജക്ടുകളുമെല്ലാം 2022 ഏപ്രിൽ മാസം മുതൽ നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് 2022-23 വർഷം നടത്തുന്ന നിർവ്വഹണ പ്രക്രിയയും 2022 മാർച്ച് മുതൽ ആരംഭിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിൽ മൂന്നുമാസത്തെ കാലതാമസമുണ്ടായെന്ന ആക്ഷേപം വസ്തുതാപരമല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസനാവശ്യങ്ങൾക്കും വികസനേതരാവശ്യങ്ങൾക്കും ബഡ്ജറ്റിൽ തുക വകയിരുത്തുന്നത് സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ്. 2021-22 മുതൽ അഞ്ച് വർഷക്കാലത്തേയ്ക്കുള്ള ഫണ്ടുകൾ നിശ്ചയിക്കുന്നതിനുള്ള ആറാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ വിവിധ റിപ്പോർട്ടുകളായി പല സന്ദർഭങ്ങളിൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതം വിഭജിച്ച് അനുവദിക്കുന്നതിൽ കാലതാമസമുണ്ടാകാതിരിക്കാനും പദ്ധതി

രൂപീകരണ പ്രക്രിയ വൈകാതിരിക്കുന്നതിനുമായി മുൻവർഷത്തെ ബഡ്ജറ്റ് വിഹിതത്തെ അടിസ്ഥാനപ്പെടുത്തി സർക്കാർ താൽക്കാലിക ക്രമീകരണം ഏർപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഇത് കാലതാമസം വരാതിരിക്കാനുള്ള മുൻകരുതലെന്ന രീതിയിൽ നിർവ്വഹിച്ചിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഈ ക്രമീകരണമാണ് 04-06-2022-ലെ 1374-ാം നമ്പർ സർക്കാർ ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഷിക പദ്ധതി രൂപീകരണം വൈകാതിരിക്കുന്നതിനുള്ള താൽക്കാലിക ക്രമീകരണമാണിത്.

ആറാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം നിശ്ചയിക്കുന്നതുവരെയുള്ള താൽക്കാലിക ക്രമീകരണം മാത്രമാണ് ഇപ്രകാരം ഏർപ്പെടുത്തിയിട്ടുള്ളത്. ധനകാര്യ കമ്മീഷന്റെ ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ വിഹിതം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരികയാണ്.

ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ യഥാർത്ഥ ബജറ്റ് വിഹിതം സർക്കാർ അനുവദിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള റോഡ്, റോഡിതര മെയിന്റനൻസ് ഫണ്ട് വെട്ടിക്കുറച്ചുവെന്നതാണ് മറ്റൊരു ആക്ഷേപമായി ഉന്നയിച്ചിരിക്കുന്നത്. എന്നാൽ ഇത്തരത്തിൽ ഒരു വെട്ടിക്കുറവും വരുത്തിയിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. 2022-2023-ലെ ബജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ്, റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിഭജിച്ച് നൽകിയിരിക്കുന്നത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തിയുടെ സ്ഥിതിവിവരക്കണക്കുകൾ അടിസ്ഥാനമാക്കിയാണ്. എന്നാൽ ധനകാര്യ കമ്മീഷൻ പരിഗണിച്ചിട്ടുള്ള സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ ഈ വർഷം അനുവദിച്ച മെയിന്റനൻസ് ഗ്രാന്റ് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും അവരുടെ സംഘടനകളിൽനിന്നും ഒട്ടേറെ പരാതികൾ ലഭിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ആയത് പരിശോധിച്ച് കണക്കുകൾ ക്രമീകരിക്കുന്നതിൽ കാലതാമസം വന്നേയ്ക്കുമെന്നതിനാലാണ് മുൻവർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റ്

അനുവദിക്കുന്നതിന് ആധാരമാക്കിയ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഈ വർഷത്തെ വിഹിതം നിശ്ചയിച്ച് നൽകിയിട്ടുള്ളത്. ഇപ്രകാരം സംസ്ഥാന ബജറ്റിൽ മെയിന്റനൻസ് ഗ്രാന്റിനത്തിൽ വകയിരുത്തിയ മൊത്തം തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിഭജിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം ക്രമീകരണം ഏർപ്പെടുത്തിയതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ മെയിന്റനൻസ് പദ്ധതിയും യഥാസമയം തയ്യാറാക്കി സമർപ്പിക്കാൻ സാധിക്കുന്നുണ്ട്. മുൻവർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുവദിച്ച തുക താരതമ്യം ചെയ്യുമ്പോൾ 2022-23 വർഷത്തിൽ വർദ്ധിപ്പിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. ആറാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം മെയിന്റനൻസ് ഫണ്ട് വിഹിതം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 6 ശതമാനത്തിൽനിന്നും 6.5 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. വികസന ഫണ്ട് 2021-22-ൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 26 ശതമാനമായിരുന്നത് 2022-23-ൽ 6.5 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ഫണ്ടും അധികാരവും നൽകി ശാക്തീകരിക്കുകയാണ് സംസ്ഥാന സർക്കാർ

ചെയ്യുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഒരു തരത്തിലുമുള്ള പ്രതിസന്ധിയും നിലവിലില്ലാത്തതിനാൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. നജീബ് കാന്തപുരം: സർ, സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇന്ന് സങ്കീർണ്ണമായൊരു ഭരണ പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. അധികാര വികേന്ദ്രീകരണം അട്ടിമറിക്കാൻ ഈ സർക്കാർ നടത്തുന്ന ലജ്ജാകരമായ ഇടപെടലുകൾ പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും ജനങ്ങൾക്കുമുമ്പിൽ അപമാനിതരാക്കുന്ന സാഹചര്യമുണ്ടാക്കുന്നുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ജനകീയാസൂത്രണ ത്തിന്റെ 25-ാം വാർഷികത്തിന്റെ മഹത്വം പറഞ്ഞുകൊണ്ടാണ് ഇവിടെ സംസാരിച്ചത്. എന്നാൽ ഏറ്റവും സങ്കടകരമായ കാര്യം, ഈ 25-ാം വാർഷികത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ എല്ലാ അധികാരങ്ങളും വെട്ടിക്കുറച്ച് ടി സ്ഥാപനങ്ങളെ നോക്കുകുത്തിയാക്കുന്ന നിലപാടിലേയ്ക്ക് സർക്കാർ തരംതാഴുന്നുവെന്ന് രേഖാമൂലം നമുക്ക് പറയാൻ സാധിക്കും. സംസ്ഥാന ബജറ്റിലെ അനുബന്ധം-4 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്

വീതിച്ച് നൽകിയ തുക പ്രകാരമാണ് പദ്ധതികൾ തയ്യാറാക്കുന്നത്. അതായത് ബജറ്റിൽ അനുവദിക്കുന്ന തുകയ്ക്കനുസരിച്ചാണ് പഞ്ചായത്തുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമെല്ലാം അവരുടെ പദ്ധതികൾ തയ്യാറാക്കുന്നത്. ആ പദ്ധതികൾ തയ്യാറാക്കുന്നതിന് മുമ്പ് ഒട്ടേറെ പ്രൊസീജ്യറുകൾ നടക്കുന്നുണ്ട്. ഗ്രാമസഭകൾ ചേരുകയും വികസന സെമിനാറുകൾ നടത്തുകയും ചെയ്യുന്നുണ്ട്. ഇതെല്ലാം നടത്തുന്നത് ബജറ്റ് അലോക്കേഷനെ അടിസ്ഥാനമാക്കിയാണ്. എന്നാൽ ബജറ്റിൽ ജനറൽ സാധാരണ വിഹിതത്തിലും പട്ടികജാതി ഉപപദ്ധതിയിലും പട്ടിക വർഗ്ഗ ഉപപദ്ധതിയിലും ഓരോ തദ്ദേശസ്ഥാപനത്തിനായി നീക്കിവച്ച തുകയുടെ മൂന്നിലൊന്ന് മാത്രമാണെന്നാണ് അനുബന്ധം 4-ൽ പേജ് 256-ൽ കൃത്യമായി വ്യക്തമാക്കിയിട്ടുള്ളത്. അതായത് തുക അനുവദിച്ച പ്ലാൻ ഫണ്ടിന്റെ മൂന്നിരട്ടിയാണ് സാധാരണഗതിയിൽ പദ്ധതിയായി കൊണ്ടുവരാറുള്ളത്. ഇതുപ്രകാരം പദ്ധതി തയ്യാറാക്കുന്നതിന് കണക്കാക്കേണ്ടത് അനുബന്ധം 4-ൽ വിവരിച്ച തുകയുടെ മൂന്നിരട്ടിയാണ്. മെയിന്റനൻസ് ഫണ്ട് ആകട്ടെ പൂർണ്ണ തുക ബജറ്റിൽ വിവരിച്ചിട്ടുമുണ്ട്. എന്നാൽ പ്ലാൻ ഫണ്ടും മെയിന്റനൻസ് ഗ്രാന്റും

കൃത്യമായി വിവരിക്കുകയും വിശദീകരിക്കുകയും ചെയ്ത ഈ ബഡ്ജറ്റിനെ നോക്കുകുത്തിയാക്കി 04-06-2022-ലെ 1376-ാം നമ്പർ ഉത്തരവ് ഇറങ്ങുകയാണ്. പ്രസ്തുത ഉത്തരവിന്റെ കോപ്പി പരിശോധിക്കണം. ഇതുപോലെ 05-07-2022-ൽ 1602-ാം നമ്പർ ഉത്തരവ് മെയിന്റനൻസ് ഗ്രാന്റിന്റെ കാര്യത്തിലും ഇറങ്ങിയിട്ടുണ്ട്. കേരളത്തിന്റെ ബജറ്റുതന്നെ തട്ടിപ്പായിരുന്നുവെന്നതാണ് ഈ രണ്ട് ഉത്തരവുകളും ക്ലാരിറ്റിയോടുകൂടി നമ്മെ ബോധ്യപ്പെടുത്തുന്നത്. അതായത് കേരളത്തിൽ ബജറ്റ് അവതരിപ്പിക്കുകയും ബജറ്റിൽ കൃത്യമായി തുക നീക്കിവയ്ക്കുകയും ആ തുക രണ്ട് ഉത്തരവുകളിലൂടെ സർക്കാർ തിരിച്ച് പിടിക്കുകയും ചെയ്തതിലൂടെ നമ്മുടെ ഗ്രാമപഞ്ചായത്തുകൾ/ മുൻസിപ്പാലിറ്റികൾ എന്നുപറയുന്ന തദ്ദേശസ്ഥാപനങ്ങളെ പൂർണ്ണമായും ഭരണസ്തംഭനത്തിലേയ്ക്ക് കൊണ്ടുപോയിരിക്കുകയാണ്. ബഹുമാന്യനായ മന്ത്രി സന്തോഷപൂർവ്വം ഈ ചർച്ചയെ സ്വാഗതം ചെയ്ത് സംസാരിക്കുകയുണ്ടായി. പക്ഷെ ഞാൻ അദ്ദേഹത്തോട് പറയുന്നത് ബഹുമാന്യനായ മന്ത്രി അദ്ദേഹത്തിന്റെ പഞ്ചായത്ത് പ്രസിഡന്റിനോടെങ്കിലും ഇക്കാര്യം ചോദിച്ചിരുന്നെങ്കിൽ ഇത്തരമൊരു വിശദീകരണമായിരിക്കില്ല ഇന്ന് സഭയിൽ

നൽകുകയെന്നുള്ളതാണ്. 2022-23 സാമ്പത്തിക വർഷം ആരംഭിച്ച് മൂന്ന് മാസം പിന്നിട്ടിട്ടും സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളുടെ അന്തിമ വാർഷിക പദ്ധതിക്ക് ഇതുവരെ അംഗീകാരം നൽകിയിട്ടില്ലെന്നത് ഗുരുതരമായ കുറ്റമാണ്. സംസ്ഥാനത്ത് മാർച്ച് 31-ന് മുമ്പായി അംഗീകാരം നേടി ഏപ്രിൽ ഒന്നിന് പദ്ധതി പ്രവർത്തനം ആരംഭിക്കുന്ന സാഹചര്യം നമ്മൾ കുറച്ചുകാലമായി കൊണ്ടുവന്നിരിക്കുകയാണ്. അതെല്ലാം ഇത്തവണ അട്ടിമറിക്കപ്പെട്ടിരിക്കുന്നു. ഇതോടൊപ്പം സംസ്ഥാന സർക്കാരിന്റെ 2022-23 ബജറ്റിൽ തദ്ദേശസ്ഥാപനങ്ങൾക്ക് നീക്കിവച്ച തുക ഓരോരോ കാരണങ്ങൾ പറഞ്ഞ് സർക്കാർ തിരിച്ചുപിടിച്ചുകൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ ജനകീയാസൂത്രണം അല്ലെങ്കിൽ അധികാരവികേന്ദ്രീകരണമെന്ന് പറയുന്ന നമ്മുടെ അടിസ്ഥാനപരമായ സ്വപ്നങ്ങളെയാണ് സർക്കാർ അട്ടിമറിച്ചുകൊണ്ടിരിക്കുന്നത്. ഇത് വളരെ ഗൗരവമായിത്തന്നെ കാണേണ്ടതുണ്ട്. 04-06-2022-ലെ 1376-ാം നമ്പർ ഉത്തരവിലൂടെ സാധാരണ വിഹിതത്തിൽനിന്നും തുക വെട്ടിക്കുറച്ച സർക്കാർ 05-07-2022-ലെ 1602-ാം നമ്പർ ഉത്തരവിലൂടെ റോഡിതര മെയിന്റനൻസ് ഗ്രാന്റുകളും

ചുരുക്കിയിരിക്കുകയാണ്. ബഹുമാന്യനായ മന്ത്രി നൽകിയ വിശദീകരണം ഒട്ടും ആശാസ്യമല്ലെന്ന് ഓർമ്മിപ്പിക്കാൻകൂടി ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ബജറ്റ് വിഹിതം കണക്കാക്കിയാണ് ഗ്രാമസഭകളും വികസന സെമിനാറുകളും ചേർന്നത്. പക്ഷെ, ഇന്ന് ആ ഭരണസമിതികളെല്ലാം ജനങ്ങൾക്കുമുമ്പിൽ അപമാനിതരായി നിൽക്കുന്ന സാഹചര്യമാണുള്ളത്. എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതിയുടെ ഡാറ്റ എൻട്രി നടത്തുന്ന ഘട്ടത്തിലാണ് ഓരോ തദ്ദേശസ്ഥാപനങ്ങളിലും കോടികൾ വെട്ടിക്കുറച്ച വിവരം അവർ അറിയുന്നതെന്നത് ഒരു ചെറിയ കാര്യമല്ല. അന്തിമമായി പ്രഖ്യാപിച്ച പദ്ധതി ഉപേക്ഷിക്കുന്നതിന് പ്രാദേശിക ഭരണകൂടങ്ങൾക്ക് എങ്ങനെയാണ് സാധിക്കുക; സർക്കാരിന് എന്ത് ന്യായീകരണമാണ് പറയാനുള്ളത്? ഫണ്ടിന്റെ അപര്യാപ്തത മാത്രമല്ല വിഷയം. ബഡ്ജറ്റിനെയും സർക്കാർ ഉത്തരവിനെയും വിശ്വസിച്ച് തയ്യാറാക്കിയ പദ്ധതി ഉപേക്ഷിക്കേണ്ടിവരുന്ന വളരെ ഗുരുതരമായ സാഹചര്യമാണുള്ളത്. ഇതിനെ നേരിടാനാകാതെ തയ്യാറാക്കിയ പദ്ധതിയും കയ്യിൽവച്ചുനിൽപ്പാണ് തദ്ദേശസ്ഥാപന

ഭരണാധികാരികൾ. അവരുടെ വിഷയം പരിഹരിക്കേണ്ട ബാധ്യത സർക്കാരിനുണ്ട്. പദ്ധതി അംഗീകാരം വൈകിയ സാഹചര്യത്തിൽ സർക്കാരിന്റെ പദ്ധതി പ്രവർത്തനങ്ങൾക്ക് പന്ത്രണ്ട് മാസം പൂർണ്ണമായി ലഭിക്കേണ്ടതുണ്ട്. പക്ഷെ, ഇതെല്ലാം ബഹുമാന്യനായ മന്ത്രി അംഗീകരിച്ചാൽത്തന്നെ എങ്ങനെയാണ് സമയത്തിനുള്ളിൽ പദ്ധതി നടപ്പാക്കാൻ കഴിയുക; മാത്രമല്ല, ഏതെങ്കിലും തരത്തിലുള്ള മാറ്റം കൊണ്ടുവന്നാൽത്തന്നെ എത്ര സമയമാണ് പദ്ധതി നടപ്പാക്കാൻ ലഭിക്കുക.; ഈ വർഷത്തെ എക്സ്പെൻഡീച്ചർ ഗ്രാമപഞ്ചായത്തുകൾക്കോ മുൻസിപ്പാലിറ്റികൾക്കോ പൂർത്തിയാക്കാൻ കഴിയാതെ വരികയും അടുത്ത വർഷം സർക്കാരിന് കൂടുതൽ വെട്ടിപ്പിടിക്കാൻ അവസരം കിട്ടുകയും ചെയ്യുന്ന ഒരു സാഹചര്യമാണ് ഉണ്ടാകാൻ പോകുന്നത്. അതുകൊണ്ട് വളരെ ഗൗരവമായൊരു കാര്യം പറയാനുണ്ട്. രാജീവ് ഗാന്ധിയാണ് ഇന്ത്യയിൽ ഏറ്റവും ശ്രദ്ധേയമായ നിയമനിർമ്മാണത്തിന് മുൻകൈയെടുത്തിട്ടുള്ളത്. പഞ്ചായത്ത് രാജ് ആക്ട് നമുക്ക് അഭിമാനിക്കാവുന്ന ഒരു കാര്യമാണ്. യഥാർത്ഥത്തിൽ ജനങ്ങളുടെ കൈകളിലേയ്ക്ക് അധികാരം ലഭിക്കുകയെന്ന ഗ്രാമസ്വരാജിന്റെ

സ്വപ്നമാണ് അദ്ദേഹം കണ്ടത്. അത് യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയാണ് ഏറ്റവും ശ്രദ്ധേയമായ ഈ നീക്കമുണ്ടായത്. ആ സ്വപ്നം കേരളത്തിൽ സാക്ഷാത്കരിക്കാൻ ശ്രീ. എ. കെ. ആന്റണിയുടെയും ശ്രീ. ഉമ്മൻ ചാണ്ടിയുടെയും നേതൃത്വത്തിലുള്ള രണ്ട് ഗവൺമെന്റുകൾ വളരെ ഫലപ്രദമായ നടപടികൾ കൈക്കൊള്ളുകയുണ്ടായി. 1994-ൽ ശ്രീ. സി. ടി. അഹമ്മദ് അലിയാണ് കേരളത്തിൽ പഞ്ചായത്ത് രാജ് ബിൽ അവതരിപ്പിച്ചതെന്ന് നിങ്ങൾ ഓർക്കണം. അതാണ് ഇതിന്റെ ആദ്യത്തെ മാഗ്നാകാർട്ടയെന്ന് പറയാവുന്ന കാര്യം. അതിനുശേഷം കൃഷി വകുപ്പാകട്ടെ മറ്റ് അനുബന്ധ സ്ഥാപനങ്ങളും ഘടകസ്ഥാപനങ്ങളുമാകട്ടെ മുഴുവനും പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുന്ന നിയമം കൊണ്ടുവന്നത് ശ്രീ. പി.കെ.കെ. ബാവ കേരളത്തിന്റെ മന്ത്രിയായിരുന്ന സമയത്താണ്. അവിടെനിന്നും ഞങ്ങൾ അധികാരവികേന്ദ്രീകരണത്തിലേയ്ക്ക് വന്നു. ഡോ. എം. കെ. മുനീർ മന്ത്രിയായിരുന്ന സമയത്ത് പഞ്ചായത്ത് ഭരണസമിതിപോലെതന്നെ ഗ്രാമതലത്തിലും വാർഡ് തലത്തിലും ഭരണസമിതികളുണ്ടാക്കാൻ നിയമം കൊണ്ടുവന്നു. നിങ്ങൾ എന്ത് ചെയ്തു? നിങ്ങൾ അധികാരം കവർന്നെടുക്കുന്ന

പരിപാടിയെടുത്തു. അധികാരം ജനങ്ങൾക്ക് എന്ന അടിസ്ഥാന ആശയത്തിന് എന്നും നിങ്ങൾ എതിരാണ്. കേന്ദ്രീകൃത ജനാധിപത്യത്തിനാണ് നിങ്ങൾ ശ്രമിച്ചത്. പാർട്ടി കേന്ദ്രീകൃത വികസന സമീപനമാണ് എന്നും നിങ്ങൾ കൈക്കൊണ്ടിട്ടുള്ളത്. ഞങ്ങൾ ജനങ്ങൾക്ക് കൊടുക്കാനാണ് ആഗ്രഹിച്ചത്. ഗവൺമെന്റിന്റെ കൈയിൽ കാശില്ലാത്തതുകൊണ്ടാണെങ്കിൽ അക്കാര്യം പറയണം, ഈ സർക്കാർ പാപ്പരാണെങ്കിൽ അത് പറയണം, ഖജനാവ് കാലിയാണെങ്കിൽ അതും പറയണം. കാരണം, കേരളം ശ്രീലങ്കയായി മാറാതിരിക്കാൻ നമുക്ക് കൂട്ടായി ആലോചിക്കാം. ഇക്കാര്യത്തിൽ വിദഗ്ദ്ധാഭിപ്രായം പറയാൻ കഴിയുന്ന ഒട്ടേറെ സാമാജികർ ഞങ്ങളുടെ കൂടെയുണ്ട്. നിങ്ങൾക്ക് ഉപദേശം തേടാൻ പറ്റിയ ആളുകളുണ്ട്. അവരോട് ഉപദേശം തേടണം. അല്ലെങ്കിൽ നാളെ ക്ലിഫ് ഹൗസിലെ നീന്തൽ കുളം ജനങ്ങൾ കയ്യേറിയാൽ നമുക്കെല്ലാവർക്കും നാണക്കേടാണ്. ആ സാഹചര്യം നിങ്ങൾ ഉണ്ടാക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഇവിടെ പറഞ്ഞത്, 1994-ൽ ശ്രീ. സി. ടി. അഹമ്മദ് അലിയും അതിനുശേഷം ശ്രീ. പി. കെ. കെ. ബാവയും ശേഷം ഡോ. എം. കെ. മുനീറും നടപ്പാക്കിയ

അധികാരവികേന്ദ്രീകരണം എങ്ങനെയാണ് നിങ്ങൾ തിരിച്ചുപിടിച്ചത്? വ്യവസായ സ്ഥാപനങ്ങൾക്ക് അനുവാദം നൽകാൻ പഞ്ചായത്തുകൾക്ക് അധികാരമുണ്ടായിരുന്നു. അത് നിങ്ങൾ തിരിച്ചുപിടിച്ചില്ലേ; അതുപോലെ ഓരോ പഞ്ചായത്തിലും മദ്യശാലകൾ തുടങ്ങാൻ പഞ്ചായത്തിന് അധികാരമുണ്ടായിരുന്നു. അതും നിങ്ങൾ തിരിച്ചുപിടിച്ചില്ലേ; എന്താണ് കാരണം? നിങ്ങൾക്ക് അവിടത്തെ ജനങ്ങളുടെ വികാരമല്ല പ്രധാനം. വ്യവസായ സ്ഥാപനങ്ങൾ കൊണ്ടുവരുമ്പോഴും അതല്ല പ്രധാനമെന്ന് നിങ്ങൾ പറയുകയുണ്ടായി. അതുപോലെ വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം, മാർഗ്ഗരേഖയിൽ ഫണ്ട് വിനിയോഗത്തിൽ തദ്ദേശസ്ഥാപനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം എന്നും യു.ഡി.എഫ്. സർക്കാർ നൽകിയിട്ടുണ്ട്. എന്നാൽ എൽ.ഡി.എഫ്. സർക്കാരിന്റെ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ നിബന്ധനകളുടെ ശൃംഖലയാണ്. അങ്ങനെയാണ് നിങ്ങൾ ലൈഫ് പദ്ധതി അട്ടിമറിച്ചത്. ആളുകൾക്ക് ഭൂമിയിൽ വീട് നിർമ്മിക്കാൻവേണ്ടിയാണ് ഞങ്ങൾ സംവിധാനമൊരുക്കിയത്. എന്നാൽ നിങ്ങൾ ആളുകൾക്ക് കടലാസിൽ വീട് നിർമ്മിച്ചുകൊടുത്താണ് അതിനെ അട്ടിമറിച്ചതെന്ന് പറയാതിരിക്കാൻ

കഴിയില്ല. ഞാൻ ഒരു പഞ്ചായത്ത് മെമ്പറായിരുന്ന ആളാണ്, എനിക്ക് കൃത്യമായി അറിയാം. പഞ്ചായത്തുകൾക്ക് അധികാരമുണ്ടായിരുന്ന കാലത്ത് ആവശ്യമുള്ളവർക്ക് വീട് നിർമ്മിച്ചുകൊടുക്കാൻ കഴിയുമായിരുന്നു. ഇപ്പോൾ ഏതെങ്കിലും ഒരു പഞ്ചായത്തിൽ അർഹരായ ആളുകൾക്ക് ലൈഫ് പദ്ധതിയിലൂടെ വീടുണ്ടാകുന്നുണ്ടോ? കടലാസേയുണ്ടാകുന്നുള്ളൂ. അതുകൊണ്ട് വളരെ ഗൗരവമായ ഈ വിഷയം സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഇവിടെ ഉന്നയിച്ച കാര്യങ്ങൾക്കെല്ലാം ഞാൻ ആദ്യംതന്നെ കൃത്യമായ മറുപടി നൽകിയിട്ടുണ്ട്. ഇവിടെ ലജ്ജാകരമായ നിലപാടാണ് എൽ.ഡി.എഫ്. സ്വീകരിക്കുന്നതെന്ന് അങ്ങ് വിശദീകരിച്ചു. യഥാർത്ഥത്തിൽ ലോകത്തിനുതന്നെ മാതൃകയാകുന്ന വിധത്തിൽ ജനകീയാസൂത്രണ പദ്ധതി ജനകീയമാക്കി നടപ്പിലാക്കുന്നതിന് നേതൃത്വം നൽകിയത് സഖാവ് ഇ. കെ. നയനാരുടെ ഗവൺമെന്റായിരുന്നവെന്നുള്ള കാര്യം നിങ്ങൾ മറക്കരുത്. ആ ഗവൺമെന്റാണ്

അധികാരം/പണം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി ബോധപൂർവ്വം പ്രാദേശിക ഗവൺമെന്റുകൾക്ക് രൂപം നൽകുകയും അതിനുവേണ്ടി പ്രവർത്തനം നടത്തുകയും ചെയ്തിട്ടുള്ളത്. ഫണ്ട് ഏതെങ്കിലും രീതിയിൽ വെട്ടിക്കുറച്ചിരിക്കുന്നുവെന്ന് പറയുന്നത് അടിസ്ഥാനപരമായി തെറ്റാണ്. അതുപോലെ മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ ചില പരാമർശങ്ങളെ സംബന്ധിച്ച ചില പ്രശ്നങ്ങൾ ഞങ്ങളുടെ മുമ്പിൽ വരികയുണ്ടായി. ആ പ്രശ്നം വന്നതിനെത്തുടർന്നാണ് ഇതുസംബന്ധിച്ച് കൃത്യമായ നിലപാട് സ്വീകരിക്കണമെന്ന് തീരുമാനിച്ചത്. കാരണം കഴിഞ്ഞ പ്രാവശ്യം ലഭിച്ച ഫണ്ടിന്റെ കണക്ക് പരിശോധിച്ചപ്പോൾ മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ബഡ്ജറ്റ് വിഹിതമായി മലപ്പുറം ജില്ലാ പഞ്ചായത്തിന് 2021-22 വർഷം 29.42 കോടി രൂപയാണ് ലഭിച്ചത്. എന്നാൽ ഇത്തവണ അത് 6.71 കോടി രൂപയായി കുറഞ്ഞു. എറണാകുളം ജില്ലാപഞ്ചായത്തിന് കഴിഞ്ഞ പ്രാവശ്യം 61.04 കോടി രൂപ ലഭിച്ച സ്ഥാനത്ത് ഈ പ്രാവശ്യം 10.57 കോടി രൂപ മാത്രമാണ് ലഭിച്ചത്. തിരുവനന്തപുരം ജില്ലാപഞ്ചായത്തിന് കഴിഞ്ഞ വർഷം 47.05 കോടി രൂപ ലഭിച്ചിരുന്ന സ്ഥാനത്ത് ഈ വർഷം 2.12 കോടി

രൂപ മാത്രമാണ് ലഭിച്ചത്. ഇത്തരത്തിൽ ഭൂരിപക്ഷം തദ്ദേശസ്വയംഭരണം സ്ഥാപനങ്ങൾക്കും റോഡ് മെയിന്റനൻസ് ഗ്രാന്റ് കുറഞ്ഞു. ഈ സാഹചര്യത്തിലാണ് ഇപ്രകാരം വിഭജിച്ച് നൽകിയത് പുനഃപരിശോധിക്കാൻ സർക്കാർ തീരുമാനിച്ചത്. ഇപ്രകാരം പുനഃക്രമീകരിക്കുമ്പോഴും ബജറ്റിലെ മൊത്തം വിഹിതമായ 1849.65 കോടി രൂപയിൽ യാതൊരു കുറവും വരാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക പൂർണ്ണമായും ലഭിക്കുന്നതാണ്. എന്നുപറഞ്ഞാൽ, മെയിന്റനൻസ് ഗ്രാന്റിൽ കഴിഞ്ഞ പ്രാവശ്യത്തെ തോതനുസരിച്ചുതന്നെ ഇപ്രാവശ്യവും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഫണ്ട് ലഭിക്കുമെന്നാണ് നേരത്തെ പറഞ്ഞ രണ്ട് ഉത്തരവിന്റെയും സാരാംശം.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി മെയിന്റനൻസ് ഗ്രാന്റിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ റോഡിന്റെ പേര് ഉണ്ടെങ്കിൽ മാത്രമേ എം.എൽ.എ. ഫണ്ട്, ആസ്തിവികസന ഫണ്ട് എന്നിവയും ഭരണാനുമതിയും ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. പഞ്ചായത്ത്, ഒരു ബ്ലോക്ക് പഞ്ചായത്തിന്റെയോ ജില്ലാ പഞ്ചായത്തിന്റെയോ

പദ്ധതിയിലുൾപ്പെടുത്തി റോഡ് വച്ചാൽ, സാധാരണഗതിയിൽ കഴിഞ്ഞ വർഷംവരെ ഉണ്ടായിരുന്നത് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉണ്ടെങ്കിൽ അതിന് പദ്ധതിയിൽ പണം നീക്കി വയ്ക്കാമായിരുന്നു. പുതിയതായി വന്ന ഉത്തരവിൽ ജില്ലാ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലോ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലോ പ്രസ്തുത റോഡിന്റെ പേര് ഉണ്ടെങ്കിൽ മാത്രമേ ഫണ്ട് ചെലവഴിക്കാൻ പാടുള്ളൂവെന്നാണ്. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ സൂചിപ്പിച്ച കണക്ക് പ്രകാരം, 41 കോടി രൂപയുണ്ടെങ്കിൽ അത് 6 കോടി രൂപയായി കുറയ്ക്കാം. അതിന് മാറ്റം വരുത്തിയാൽ ഈ ഫണ്ട് വെട്ടിക്കുറയ്ക്കുകയില്ല. കാരണം പഞ്ചായത്തിലും ജനപ്രതിനിധികളുണ്ടല്ലോ.

<u>മി. സ്പീക്കർ</u>: ഉദാരമായി വഴങ്ങാൻ സമയം അനുവദിക്കുന്നില്ല.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, ആസ്തി രജിസ്റ്റർ പൂർണ്ണമാകേണ്ടതുണ്ടെന്നുതന്നെയാണ് ഗവൺമെന്റ് കാണുന്നത്. സ്വാഭാവികമായും ജില്ലാപഞ്ചായത്ത്, ബ്ലോക്കുപഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവയുടെ ആസ്തി രജിസ്റ്റർ കൃത്യമായി പരിശോധിച്ച് അത് ശരിയാണെന്ന് ഉറപ്പുവരുത്താനുള്ള സമയം വേണം. അതുവരെ കാത്തിരിക്കാൻ

സാധിക്കാത്തതുകൊണ്ടാണ്, ഞാൻ നേരത്തെ മലപ്പുറം ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച് പറഞ്ഞതുപോലെ 29.42 കോടി രൂപ ലഭിച്ച സ്ഥാനത്ത് 6.71 കോടി രൂപയായി കുറയുമ്പോൾ അവർ എടുത്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾക്കുതന്നെ അല്ലെങ്കിൽ കഴിഞ്ഞ പ്രാവശ്യം നടത്തികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾക്കുതന്നെ നൽകേണ്ട ബില്ല് ഉൾപ്പെടെ കൊടുത്തുതീർക്കാൻ സാധിക്കില്ലെന്ന പ്രായോഗിക പ്രശ്നം ഗവൺമെന്റിന്റെ മുമ്പിൽ വന്നപ്പോൾ മലപ്പുറം ജില്ലാ പഞ്ചായത്ത് ഉൾപ്പെടെയുള്ള ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ ഇവിടെ വരികയും ധനകാര്യ വകുപ്പുമന്ത്രിയുൾപ്പെടെയുള്ളവരുമായി ചർച്ച നടത്തുകയും ചെയ്തു. അതുപ്രകാരം സർക്കാർ 2021-22 വർഷത്തെ അനുപാതം അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഫണ്ടുതന്നെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ലഭിക്കത്തക്ക രീതിയിൽ തീരുമാനമെടുത്തുവെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്. അതുകൊണ്ട് ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും നഷ്ടം വരുന്ന പ്രശ്നമില്ല. കഴിഞ്ഞ പ്രാവശ്യം ലഭിച്ചതുപോലെയുള്ള ആസ്തി വികസന ഫണ്ട് എല്ലാവർക്കും ലഭിക്കുമെന്നാണ് ഇതുസംബന്ധിച്ച് ചൂണ്ടിക്കാണിക്കാണിക്കാനുള്ളത്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി യു.ഡി.എഫ്. ഭരണകാലത്താണ് ആരംഭിച്ചത്. ആ പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷമായ 2012-2013 വാർഷിക പദ്ധതി അംഗീകാര നടപടി സ്വീകരിച്ച് പൂർണ്ണമായും പുറത്തിറക്കിയത് 2012 സെപ്റ്റംബർ 24-ന് ആയിരുന്നുവെന്ന് ഇവിടെ പ്രമേയം അവതരിപ്പിച്ച അവതാരകൻ മറക്കാതിരിക്കണം. 2012 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകിയതെന്നും അങ്ങ് മറക്കാൻ പാടില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരണ പ്രക്രിയ ഒന്നാം പിണറായി സർക്കാർ കാലത്ത് 2017 ജൂലൈ മാസത്തിനകം പൂർത്തീകരിച്ചു. ഇത്തവണ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യപൂർണ്ണ വർഷമായ പദ്ധതി രൂപീകരണ മാർഗ്ഗരേഖ 2022 ഏപ്രിൽ മാസത്തിൽ പുറപ്പെടുവിച്ചു. അന്നുമുതൽ പ്രക്രിയ ആരംഭിച്ചു. നടപടിക്രമങ്ങൾ ജൂലൈ മാസത്തോടെ പൂർത്തിയാകും. എന്നുമാത്രമല്ല, അനിവാര്യമായ പ്രോജക്ടുകളും സ്പിൽ ഓവർ പ്രോജക്ടുകളും ഏപ്രിൽ മാസംതന്നെ ആരംഭിക്കുകയും ചെയ്തിരുന്നു. ധനകാര്യ കമ്മീഷൻ ഫണ്ട് ഇനത്തിലുള്ള പ്രോജക്ടുകൾ കഴിഞ്ഞ ജനുവരി മാസത്തിൽത്തന്നെ

തുടങ്ങുകയും ഏപ്രിൽ മാസംതന്നെ നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നാണ് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. അതുപോലെ, ഫണ്ടിനെ സംബന്ധിച്ചും പദ്ധതിവിഹിതത്തെ സംബന്ധിച്ചുമുള്ള വർദ്ധനവാണ് ഇനി ചൂണ്ടിക്കാണിക്കാനുള്ളത്. 2021-22 സാമ്പത്തിക വർഷം വികസന ഫണ്ടിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക 7180 കോടി രൂപയായിരുന്നു. എന്നാൽ 2022-23 സാമ്പത്തിക വർഷം ഈ തുക 8048 കോടി രൂപയായി വർദ്ധിക്കുകയാണ് ചെയ്തത്. വർദ്ധിക്കുന്നതിനുപകരം ഇതെല്ലാം കുറയ്ക്കുകയാണെന്നുള്ള തെറ്റിദ്ധാരണ എങ്ങനെയാണ് ഉണ്ടായതെന്ന് പറയാൻ സാധിക്കുന്നതല്ല. 7180 കോടി രൂപയെന്നത് 8048 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. 2011-2016-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഓരോ വർഷവും പദ്ധതി അടങ്കൽ ശരാശരി 24 ശതമാനം മാത്രമാണ് പ്രദേശിക സർക്കാരുകൾക്ക് നൽകിയിരുന്നതെന്ന കാര്യം അങ്ങ് മറക്കരുത്. അന്നത്തെ മന്ത്രിമാരെയും ഗവൺമെന്റിനെയും ശ്ലാഘിക്കുന്നതിൽ നിങ്ങൾക്ക് അധികാരവും അവകാശവുമുണ്ട്. പക്ഷെ വസ്തുതാപരമായി പരിശോധിക്കുമ്പോൾ 24 ശതമാനം മാത്രമാണ് അന്ന് അനുവദിച്ചിരുന്നത്. 2016 മുതൽ

2021 വരെയുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 25 ശതമാനമായി അത് വർദ്ധിച്ചു. യു.ഡി.എഫ്. ഭരണകാലത്ത് ആകെ 19788 കോടി രൂപയാണ് പ്രാദേശിക സർക്കാരുകൾക്ക് വികസന ഫണ്ടിനത്തിൽ നീക്കിവച്ചതെങ്കിൽ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 33130 കോടി രൂപയായി അത് വർദ്ധിപ്പിക്കാൻ സാധിച്ചുവെന്നതാണ് സത്യം. അതിനാൽ ഫണ്ട് ഏതെങ്കിലും രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാതിരുന്നുവെന്ന തെറ്റായ വിശദീകരണം നൽകുന്നത് ശരിയല്ല. പാർട്ടി കേന്ദ്രീകരണം പോലെ എല്ലാം കേന്ദ്രീകരിക്കുകയാണെന്ന് ഇവിടെ പറഞ്ഞു, ഒരിക്കലും അങ്ങനെയല്ല. വികേന്ദ്രീകരണത്തിനുവേണ്ടി നിലനിൽക്കുന്ന ഒരു പ്രസ്ഥാനമാണ് ഇടതുപക്ഷ പ്രസ്ഥാനം. എല്ലാകാലത്തും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാദേശിക ഗവൺമെന്റുകളെന്ന രീതിയിൽ അവർക്ക് ആവശ്യമായ എല്ലാ പിന്തുണയും സഹായവും നൽകി കക്ഷിരാഷ്ട്രീയത്തിനതീതമായി ഒത്തൊരുമിച്ച് പ്രവർത്തിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു സംവിധാനമാണ് അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള ജനകീയാസൂത്രണ പ്രസ്ഥാനം.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, അപ്പോൾ തിരിച്ചെടുത്ത അധികാരങ്ങളോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഒരു അധികാരവും തിരിച്ചെടുത്തിട്ടില്ലെന്നുമാത്രമല്ല, കൂടുതൽ അധികാരം നൽകുകയാണ് ചെയ്തിട്ടുള്ളത്. കോവിഡ്-19 ഉൾപ്പെടെയുള്ള സങ്കീർണ്ണമായ പ്രശ്നം ലോകം അഭിമുഖീകരിച്ചപ്പോൾ അതിനെ ഫലപ്രദമായി നേരിടുന്നതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്, ബഹുമാനപ്പെട്ട കേരളത്തിലെ മുഖ്യമന്ത്രി കഴിഞ്ഞ ആറു വർഷക്കാലവും ജനങ്ങളെ ചേർത്തുനിർത്തി മുന്നോട്ടുകൊണ്ടുപോകുമ്പോൾ അതിന്റെ ഉപകരണമായി ഉപയോഗിച്ചത് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയായിരുന്നുവെന്നുള്ളത് സത്യമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ സമീപനംതന്നെ താഴെതലത്തിൽ അവർക്ക് അധികാരങ്ങളും അവകാശങ്ങളും നൽകുകയെന്നുള്ളതാണ്. ജനകീയാസൂത്രണത്തെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി, വളരെ നല്ല കാര്യം. കേരളം ലോകത്തിന്റെ മുമ്പിൽ അവതരിപ്പിച്ച ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് 'ജനകീയാസൂത്രണം'. ആ

പദ്ധതി പിന്നോട്ട് പോകുകയല്ല മുന്നോട്ട് പോകുകയാണ് ചെയ്യുന്നത്. കേരളം ശ്രീലങ്കയെപോലെ ആയിപ്പോകുമെന്നൊരു തെറ്റിദ്ധാരണ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. രണ്ടും തമ്മിൽ താരതമ്യമൊന്നുമില്ല. കേരളം ശ്രീലങ്കയാകുകയല്ല ചെയ്യുക. കേരളം ഇതേ വികസന പാതയിലൂടെ ഈ കുതിപ്പിലൂടെ മുന്നോട്ടേയ്ക്ക് പോയാൽ പത്തോ ഇരുപതോ കൊല്ലം കഴിയുമ്പോൾ ലോകത്തെ ഏറ്റവും വികസിതമായ നാടിന്റെയൊപ്പമോ അതിന്റെ നല്ലനിലയിൽത്തന്നെ മുന്നോട്ടുപോകുകയോ ചെയ്യുന്ന തലത്തിലേയ്ക്ക് ഉയർന്നുവരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നിങ്ങൾക്ക് അതിൽ ഭയമുണ്ടെന്ന് എനിക്കറിയാം. ആര് ഭയപ്പെട്ടാലും കേരളം ലോകത്തിന് മാതൃകയാകുന്ന രീതിയിൽ വികസിതമായ, അർദ്ധവികസിതമായ സമൂഹത്തിന്റെയൊപ്പം എത്തുന്നതാണ്. കാരണം പാവപ്പെട്ട ജനവിഭാഗങ്ങളെ ഗുണമേന്മയുള്ള ജീവിതം നയിക്കാൻ പ്രാപ്തമാക്കിയ നാട് കേരളമാണ്. മറ്റൊരു ഇന്ത്യൻ സംസ്ഥാനവുമില്ല. എന്താണ് കേരള മോഡൽ; കേരളത്തിന് കൊമ്പുണ്ടോയെന്നെല്ലാം നിങ്ങൾ ചോദിക്കാറുണ്ടല്ലോ? അതിനുള്ള കൃത്യമായ മറുപടി ഞാൻ പറയുകയാണ്, കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗം,

പിന്നാക്ക സമുദായം, മുന്നോക്കസമുദായത്തിലെ പിന്നാക്ക ജനവിഭാഗം, കർഷത്തൊഴിലാളികൾ, കൃഷിക്കാർ, ചെത്തുത്തൊഴിലാളികൾ, നെയ്ത്തുത്തൊഴിലാളികൾ, കശുവണ്ടിത്തൊഴിലാളികൾ, കയർ തൊഴിലാളികൾ, ഓട്ടോറിക്ഷാത്തൊഴിലാളികൾ ഉൾപ്പെടെയുള്ള സംഘടിതരും അസംഘടിതരുമായ ലക്ഷക്കണക്കിന് മനുഷ്യരുടെ ജീവിതം ഗുണമേന്മയുള്ളതാക്കാൻ ശ്രമിച്ച ഇൻഡ്യയിലെ തുരുത്താണ് ഈ കേരളമെന്ന കാര്യം ആരും മറക്കാൻ പാടില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഓരോന്നോരോന്നായി ഓരോ ദിവസം കഴിയുമ്പോഴും മുന്നോട്ട് കുതിക്കുകയാണ്. ഓരോ നിമിഷവും മുന്നേറാൻ സാധിക്കണമെങ്കിൽ നവീകരണ പ്രക്രിയയും അതുപോലെ തുടരണം. ആ നവീകരണ പ്രക്രിയയ്ക്ക് അടിസ്ഥാനമായ ശാസ്ത്രസാങ്കേതികവിദ്യയും ഫലപ്രദമായി വിന്യസിപ്പിക്കാൻ കഴിയണം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന അതിദാരിദ്ര്യം അവസാനിപ്പിക്കുന്ന പദ്ധതിയും വാതിൽപ്പടി സേവനവുമുണ്ട്. ഇങ്ങനെയുള്ള പദ്ധതികളെല്ലാം പൂർണ്ണമായി നടപ്പിലാക്കിവരുമ്പോൾ പുതിയൊരു

കേരളത്തെയാണ് ലോകത്തിനുമുമ്പിൽ അവതരിപ്പിക്കാനാകുക. അതിന് നിങ്ങളുടെയെല്ലാം പരിപൂർണ്ണമായ പിന്തുണ ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപങ്ങളെ ഏറ്റവും ശ്രദ്ധേയമായ രീതിയിലുള്ള പ്രാദേശിക ഗവൺമെന്റുകളാക്കി മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നത്. അതിന് ലൈഫ് ഉൾപ്പെടെയുള്ള എല്ലാ പദ്ധതികളും ഫലപ്രദമായും ജനോപകാരപ്രദമായും കൈകാര്യം ചെയ്യുമെന്നാണ് ഉറപ്പാക്കാനുള്ളത്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു കാര്യവും ഇതിന്റെ ഭാഗമായില്ലെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് നിർത്തുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ പോക്കുപോയാൽ കേരളം ശ്രീലങ്കയല്ല സ്വിറ്റ്സർലാൻഡാക്കി മാറ്റുമെന്ന്

ബഹുമാനപ്പെട്ട മന്ത്രി പറയാതിരുന്നത് ഞങ്ങളുടെയൊക്കെ ഭാഗ്യമായി കണക്കാക്കുകയാണ്. ഏപ്രിൽ 1-ാം തീയതി തുടങ്ങി മാർച്ച് 31-ന് അവസാനിക്കുന്ന ഒരു സാമ്പത്തിക വർഷത്തിൽ നാല് ക്വാർട്ടറുകളുണ്ട്. പത്തുകൊല്ലം മുമ്പുവരെ നമ്മുടെ ലോക്കൽ ബോഡിയുടെ പദ്ധതി പാസ്സാക്കിയിരുന്നത് മൂന്ന് ക്വാർട്ടറുകൾ കഴിഞ്ഞിട്ടാണ്. അതായത്, ആ സാമ്പത്തിക വർഷത്തിലെ ജനുവരി മാസത്തിലാണ് പാസ്സാക്കിയിരുന്നത്. അതുകൊണ്ടുതന്നെ പദ്ധതി പ്രവർത്തനത്തിനുവേണ്ടി മൂന്നുമാസം മാത്രമാണ് ലഭിച്ചിരുന്നത്. ഇക്കാര്യം മൂന്നുപ്രാവശ്യം ഈ നിയമസഭയിൽ ഉന്നയിച്ച ഒരംഗമായിരുന്നു ഞാൻ. അതിനെത്തുടർന്ന് 2011-ൽ അധികാരത്തിൽവന്ന ഉമ്മൻചാണ്ടി സർക്കാർ തലേ സാമ്പത്തിക വർഷത്തിന്റെ മാർച്ച് 31-ന് മുമ്പുതന്നെ അംഗീകരിച്ച് ഏപ്രിൽ 1 മുതൽ തുടങ്ങുന്ന സാമ്പത്തിക വർഷത്തിൽ ലോക്കൽ ബോഡികൾക്ക് പദ്ധതി പ്രവർത്തനം ആരംഭിക്കാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാക്കി. അതുവഴി പദ്ധതി പ്രവർത്തനത്തിനുവേണ്ടി ഒരു വർഷം പൂർണ്ണമായി ലഭ്യമാകുന്ന ഒരു അവസരം കൊണ്ടുവന്നിരുന്നു. ആ അവസരമാണ് ഈ സർക്കാർ ഇപ്പോൾ ഇല്ലാതാക്കിയിരിക്കുന്നത്. 2022-23 സാമ്പത്തിക

വർഷത്തിലെ അന്തിമമായ വാർഷിക പദ്ധതി ഇപ്പോൾ നാല് മാസം തികയാൻ പോകുകയാണ്. ഇതുവരെ അംഗീകാരം ലഭ്യമായിട്ടില്ല. അങ്ങനെ മാർച്ച് 31-ന് മുമ്പ് അംഗീകാരം നൽകി ഏപ്രിൽ 1-ന് പദ്ധതി പ്രവർത്തനം ആരംഭിക്കുന്നത് ഇല്ലാതായി. അതിനെ ബഹുമാനപ്പെട്ട മന്ത്രി എന്തുപറഞ്ഞാണ് ന്യായീകരിച്ചത്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് കാലതാമസമുണ്ടായി. അവ തയ്യാറാക്കേണ്ടത് 2022 ജനുവരി മാസത്തിലാണ്. അത് ജനുവരിയിലും ഫെബ്രുവരിയിലും മാർച്ചിലും ഏപ്രിലിലും തയ്യാറാക്കിയില്ല. ഏപ്രിൽ മാസത്തിൽ അത് ഭാഗികമായി പൂർത്തിയാക്കി. സബ്സിഡി മാർഗ്ഗരേഖ പുറത്തിറക്കിയത് മേയ് മാസത്തിലാണ്. ജനുവരി മാസത്തിൽ ചെയ്യേണ്ട പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ തയ്യാറാക്കാനുണ്ടായ കെടുകാര്യസ്ഥതയും സർക്കാരിന്റെ കഴിവില്ലായ്മയുമാണ് ഈ നാല് മാസക്കാലം പദ്ധതി പ്രവർത്തനത്തിൽ നഷ്ടമാകാനുള്ള പ്രധാന കാരണം. സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായ ഈ ഗുരുതമായ വീഴ്ച ഞങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്. ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്ന തുക ഓരോ കാരണം പറഞ്ഞ് വെട്ടിച്ചുരുക്കുകയാണ്. ഈ

വർഷത്തെ ബഡ്ജറ്റിന്റെ അനുബന്ധം IV ആണിത്. This also a part of the Budget document. ഇത് ബഡ്ജറ്റ് ഡോക്യുമെന്റല്ലേ അനുബന്ധം IV? 1376-ാം നമ്പറായി ഒരു ഉത്തരവുണ്ട്, അതിൽ പറയുന്നത്, 2022-23-ലെ ഈ ബഡ്ജറ്റ് വിഹിതം പരിഗണിക്കാതെ 2021-22-ലെ ബഡ്ജറ്റ് വിഹിതത്തെ അടിസ്ഥാനമാക്കി പദ്ധതി നിർവ്വഹിക്കണമെന്നാണ്. എവിടെയെങ്കിലും കേട്ടുകേൾവിയുണ്ടോ; എന്ത് വിചിത്രമായ കാര്യമാണ്. നിയമസഭ പാസ്സാക്കിയ ബഡ്ജറ്റാണിത്. അതിന്റെ ഭാഗമാണ് ഈ ഡോക്യുമെന്റും. ഇതിലാണ് ഈ വർഷത്തെ വിഹിതം മുഴുവൻ നിശ്ചയിച്ചിരിക്കുന്നത്. ആ ബഡ്ജറ്റ് നിയമസഭ പാസ്സാക്കുകയും അതിന്മേൽ ധനവിനിയോഗവും പാസ്സാക്കിയതാണ്. ഇത് നിയമസഭയെ അവഹേളിക്കുന്നതിന് തുല്യമാണ്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽനിന്നും കണ്ടെത്താനാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, പിന്നെ എന്ത് പവിത്രതയാണ് ബഡ്ജറ്റിനുള്ളത്? ധനകാര്യ വകുപ്പിനെതിരായ രൂക്ഷമായ വിമർശനമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നടത്തിയത്. നിങ്ങൾ ഈ ഡോക്യുമെന്റിൽ പറഞ്ഞിരിക്കുന്ന വിഹിതം നിശ്ചയിച്ചിരിക്കുന്നതിൽ ഗുരുതരമായ ക്രമക്കേടുകളുണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് ധനകാര്യ

വകുപ്പ് തയ്യാറാക്കിയതാണ്. ധനകാര്യ കമ്മീഷന്റെ മാനദണ്ഡങ്ങൾവച്ച് ഓരോ പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും എത്ര തുക വിഹിതമാക്കി കൊടുക്കണമെന്ന് ധനകാര്യ വകുപ്പ് തയ്യാറാക്കിയ ഈ ബഡ്ജറ്റ് ഡോക്യുമെന്റിലെ അനുബന്ധം IV-ലെ വിവരങ്ങൾ മുഴുവൻ ക്രമക്കേടുകളാണ്, ഗുരുതരമായ തെറ്റാണ്. അതുകൊണ്ട് അദ്ദേഹം കാണിച്ച മാർഗ്ഗം കഴിഞ്ഞ ബഡ്ജറ്റിലേയ്ക്ക് തിരികെപോയി. അതിന് അങ്ങേയ്ക്ക് നിയമപരമായി അവകാശമില്ല. ഈ ഉത്തരവ് നിയമവിരുദ്ധമാണ്. 2021-22-ലെ അലോക്കേഷൻ അനുസരിച്ച് ഈ വർഷത്തെ പ്ലാൻ തയ്യാറാക്കണമെന്ന് പറഞ്ഞാൽ അത് നിയമവിരുദ്ധമാണ്. ഈ വർഷത്തെ അലോക്കേഷൻ അനുസരിച്ചാണ് പാസ്സാക്കേണ്ടത്. അതിൽ ക്രമക്കേടുണ്ടെങ്കിൽ അത് തിരുത്തണമായിരുന്നു. ഞാൻ അങ്ങയുടെ കൂടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, ബഡ്ജറ്റിന്റെ ഭാഗമായുള്ള അലോക്കേഷനിലൊന്നും മാറ്റം വരുത്തുന്നില്ല. ഇവിടെ വന്ന പ്രശ്നം, എറണാകുളം ജില്ലയിലെയും അതുപോലെതന്നെ മലപ്പുറം ജില്ലാ പഞ്ചായത്തുൾപ്പെടെയുള്ള പഞ്ചായത്തുക്കളുടെ മെയിന്റനൻസ് ഗ്രാന്റിൽവന്ന

കുറവ് പരിഹരിക്കുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കുകയാണ് ചെയ്തത്. അല്ലാതെ ബഡ്ജറ്റ് മൊത്തം മാറ്റുകയല്ല ചെയ്തത്. 2021-22-ലെ ബഡ്ജറ്റിന്റെ ഭാഗമായി അന്ന് അനുവദിച്ച മെയിന്റനൻസ് ഗ്രാന്റ് ജില്ലാ പഞ്ചായത്തുകൾക്കുതന്നെ അനുവദിക്കത്തക്കരീതിയിൽ നിലപാട് സ്വീകരിക്കാൻവേണ്ടിയുള്ള താല്ക്കാലികമായ ഒരു സംവിധാനംമാത്രമാണിത്. ബഡ്ജറ്റിൽ അവതരിപ്പിച്ചിട്ടുള്ള മുഴുവൻ സംഖ്യയും കൃത്യമായി പഞ്ചായത്തുകൾക്ക് നൽകുകതന്നെ ചെയ്യും.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറഞ്ഞത്, വസ്തുതാപരമായി തെറ്റാണെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കാരണം, മെയിന്റനൻസ് ഗ്രാന്റും ഫിനാൻസ് കമ്മീഷന്റെ ഗ്രാന്റും 2022-23-ലെ ബഡ്ജറ്റ് അനുസരിച്ചുതന്നെയാണ്. വികസന ഫണ്ടിന്റെ ഭാഗമായ പൊതുവിഭാഗം, സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ വിഭാഗങ്ങളുടെ കാര്യത്തിൽ 2021-22-ലെ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തെ അടിസ്ഥാനമാക്കിവേണം തയ്യാറാക്കേണ്ടതെന്നാണ് പറഞ്ഞത്. അങ്ങ് പറഞ്ഞത് തെറ്റാണ്. ഈ ഉത്തരവും തെറ്റാണ്. ഇത്

ഭരണഘടനാവിരുദ്ധവും നിയമവിരുദ്ധവും ഈ നിയമസഭയെ അവഹേളിക്കുന്നതരത്തിലുള്ളതുമായ ഉത്തരവാണ്. 05-07-2022-ൽ ഇറക്കിയ 1602-ാം നമ്പർ ഉത്തരവിൽ, റോഡ്, റോഡിതര മെയിന്റനൻസ് ഗ്രാന്റുകൾ വൻതോതിൽ വെട്ടിക്കുറച്ചുകൊണ്ടുള്ള കാര്യങ്ങളാണ് പറയുന്നത്. ഒരു കോടി മുതൽ നാല് കോടി രൂപവരെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കാര്യത്തിൽ കുറവുവന്നിട്ടുണ്ട്. ഈ അനുബന്ധം IV അനുസരിച്ച്, പഞ്ചായത്തുകൾ ബഡ്ജറ്റ് വിഹിതം കണക്കാക്കി ഗ്രാമസഭ കൂടി വർക്കിംഗ് ഗ്രൂപ്പും വികസന സെമിനാറും കൂടി അന്തിമമായ പദ്ധതിയും എസ്റ്റിമേറ്റും തയ്യാറാക്കി, ഡാറ്റ എൻട്രി നടത്തുന്ന ഘട്ടത്തിലാണ് ഈ ഉത്തരവിറങ്ങുന്നത്. ഈ പ്രക്രിയ നടത്തിയതുകാരണം ഈ അന്തിമ പദ്ധതി മുഴുവനുമില്ലാതെയായി. പഞ്ചായത്തിലൊക്കെ ബന്ധമുള്ള എം.എൽ.എ.-മാർ നിങ്ങൾ ശ്രദ്ധിക്കണം. മേയർ ആയ ആളും ഇവിടെയുണ്ട്. ഇതെല്ലാം ഒരു പ്രക്രിയയാണ്. വികസന സെമിനാർ, വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ ഇതെല്ലാം കഴിഞ്ഞ് ഡാറ്റ എൻട്രി ചെയ്ത സമയത്താണ് ഈ ഉത്തരവിറങ്ങിയതും പദ്ധതി ഇല്ലാതാകുകയും ചെയ്തത്. തയ്യാറാക്കിയ പദ്ധതിയിൽ എസ്.സി./എസ്.ടി., ജനറൽ വിഭാഗങ്ങളിൽ

വലിയ തുകയുടെ കുറവ് വരുന്ന സാഹചര്യമുണ്ടായി. സുലേഖ സോഫ്റ്റ്‌വെയറാണ് ഡാറ്റ എൻട്രിക്കുവേണ്ടി ഉപയോഗിക്കുന്നത്. അത് ഓപ്പൺ ചെയ്യില്ല. അത് ഓപ്പൺ ചെയ്ത് ഇതെല്ലാം ചെയ്തുകഴിഞ്ഞപ്പോഴേയ്ക്കും പദ്ധതിയിൽ വലിയ മാറ്റമുണ്ടായി. അതായത് ഇനിയും കാലതാമസമുണ്ടാകുകയാണ്. പഴയതുപോലെ നാല് ക്വാർട്ടറിൽ രണ്ടോ മൂന്നോ ക്വാർട്ടറുകൾ കഴിഞ്ഞാലും പദ്ധതി നടത്താൻ സാധിക്കില്ല. നിങ്ങളുടെ കയ്യിൽ പണമില്ലാത്തത് മറച്ചുവച്ചുകൊണ്ടാണ് ഈ അഭ്യാസം മുഴുവൻ കാണിക്കുന്നത്. നിങ്ങൾ ഈ അലോക്കേഷൻ നൽകാൻ തയ്യാറല്ല. ഇനി നൽകിയാലും കണക്കിൽ കാണിച്ചാലും ഇവർക്ക് ഈ പദ്ധതി നടപ്പിലാക്കാൻ കഴിയില്ല. അത് ഉറപ്പുവരുത്തികൊണ്ട് പദ്ധതി നടപ്പാക്കാതിരിക്കാൻവേണ്ടി ഒരു സർക്കാർതന്നെ ചെയ്യുന്ന കാര്യങ്ങളാണ്. ക്യാരി ഓവർ ചെയ്യുന്നത് സംബന്ധിച്ച്, ഈ വർഷം നടപ്പാക്കാത്ത പദ്ധതി അടുത്ത വർഷത്തേയ്ക്ക് ക്യാരി ഓവർ ചെയ്യും. നിങ്ങൾ അടുത്ത വർഷത്തെ ബഡ്ജറ്റ് വിഹിതത്തിലേയ്ക്ക് അത് മാറ്റുകയാണ് ചെയ്യുന്നത്. അങ്ങനെ ചെയ്യാറുണ്ടോ? അപ്പോൾ ഒരു കോടി രൂപയിലെ 20 ലക്ഷം രൂപ പദ്ധതി പൂർത്തിയാക്കിയില്ലെങ്കിൽ അടുത്ത

വർഷത്തേയ്ക്ക് ക്യാരി ഓവർ ചെയ്താൽ ഒരു കോടി ഇരുപത് ലക്ഷം രൂപ സർക്കാർ കൊടുക്കണം. അതിനുപകരം ഇപ്പോൾ ഒരു കോടി രൂപ മാത്രമേ കൊടുക്കുകയുള്ളൂ. അല്ലെങ്കിൽ അടുത്ത വർഷത്തെ ബഡ്ജറ്റിലേയ്ക്ക് കൊടുക്കാൻ പറയും. അപ്പോൾ ഇതിൽനിന്നും സേവാകുകയും ചെയ്യും. പദ്ധതിയിൽ വ്യാപകമായ വെട്ടിക്കുറവുണ്ടാകുകയാണ്. നിങ്ങൾ പദ്ധതി വിഹിതം വർദ്ധിപ്പിച്ചുവെന്ന് കാണിക്കാൻവേണ്ടി യഥാർത്ഥത്തിൽ ക്യാരി ഓവർ ചെയ്യുന്ന തുക കൂട്ടിയാണ് പെർഫോമൻസ് നോക്കേണ്ടത്, പദ്ധതി ചെലവ് കൂടുതലാണെന്ന് കാണിക്കാൻ പുതിയൊരു മെത്തേഡ്, ഞാൻ സമയക്കുറവുമൂലം അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇതെല്ലാം ആളുകളെ കബളിപ്പിക്കുന്ന പരിപാടിയാണ്. അതുപോലെ, അധികാര വികേന്ദ്രീകരണം ഉയർത്തിപ്പിടിച്ചെന്ന് പറയുന്നു. ഇപ്പോൾ പഞ്ചായത്തിന് ചെയ്യാൻ പറ്റുന്നത്. 95 ശതമാനം നിർബന്ധിത വകയിരുത്തലാണ്. പൊതുനിബന്ധനകൾ വച്ച് പഞ്ചായത്തിൽ ഓപ്ഷനില്ല. എന്തിനാണ് ഗ്രാമസഭകളും വർക്കിങ്ങ് ഗ്രൂപ്പും കൂടുന്നത്. നിങ്ങൾ നേരെ നിബന്ധനകളുണ്ടാക്കിക്കൊടുക്കുകയാണ്. ലോക്കൽ പ്ലാനിങ്ങല്ലേ അധികാര വികേന്ദ്രീകരണത്തിന്റെ അന്തഃസത്ത? ഓരോ

പഞ്ചായത്തിന്റെയും കാര്യങ്ങൾ പ്രാദേശികമായി ആസൂത്രണം ചെയ്ത്.. തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ സ്ഥിതി ആയിരിക്കില്ല ബഹുമാനപ്പെട്ട മന്ത്രിയുടെ മലപ്പട്ടം ഗ്രാമപഞ്ചായത്തിന്റെ സ്ഥിതി. രണ്ടും വ്യത്യസ്തമാണ്. ഭൂമിശാസ്ത്രപരവും സാമൂഹികവും സാമ്പത്തികവുമായ പ്രത്യേകതകളെല്ലാം മനസ്സിലാക്കിയിട്ടല്ലേ നമ്മൾ ലോക്കൽ പ്ലാനിംഗ് നടത്തേണ്ടത്. ഇവിടെ ലോക്കൽ പ്ലാനിംഗിന് എന്ത് പ്രസക്തിയുണ്ട്? കഴിഞ്ഞ ഒന്നുരണ്ട് വർഷമായി നിങ്ങൾ ഇറക്കിയിട്ടുള്ള മുഴുവൻ ഉത്തരവുകളും ഞാൻ പരിശോധിച്ചു. ഈ ഉത്തരവുകളെല്ലാം അധികാര വികേന്ദ്രീകരണത്തിന്റെ അന്തഃസത്ത തകർത്തുകൊണ്ട് ഇവിടെ നിന്ന് കടിഞ്ഞാണിടുകയും, നിബന്ധനകളുണ്ടാക്കുകയും അടിച്ചേൽപ്പിക്കുകയും ചെയ്യുക എന്ന തന്ത്രവുമായാണ് പോകുന്നത്. പഞ്ചായത്തിന്റെ ഭരണ സമിതിക്കുപോലും പ്രസക്തിയില്ലാത്ത തരത്തിലേക്ക് അധികാര വികേന്ദ്രീകരണ നിയമത്തിന്റെ പൂർണ്ണമായ ലംഘനമാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. തനത് വരുമാനം കുറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയുടെ നിയോജക മണ്ഡലത്തിലെ മലപ്പട്ടം പഞ്ചായത്തിലെ ഒരു വാർത്തയുണ്ട്; മലപ്പട്ടം പഞ്ചായത്തിലെ

ജീവനക്കാർക്ക് ശമ്പളം ലഭിക്കാതായിട്ട് മൂന്ന് മാസം. അവധി ദിവസങ്ങളിൽ കൂലിപ്പണിയെടുത്ത് ജീവനക്കാർ. മലപ്പട്ടം പഞ്ചായത്ത് ജീവനക്കാരനായ ശ്രീ. ബാബു കോൺക്രീറ്റ് കട്ടിങ് ജോലിക്കിടെ,... ഫോട്ടോയുമുണ്ട് (പത്രകട്ടിങ് ഉയർത്തിക്കാണിച്ചു). കോൺക്രീറ്റ് കട്ടിങ്ങിന് പോകുന്ന ജീവനക്കാരൻ. നിങ്ങളുടെ ഈ ഭരണത്തിൽ അധികാര വികേന്ദ്രീകരണവും സങ്കൽപ്പവും ഇങ്ങനെ ആകാശം മുട്ടിനിൽക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ച അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ പഞ്ചായത്ത് ജീവനക്കാരൻ മൂന്ന് മാസം ശമ്പളം ലഭിക്കാതെ കോൺക്രീറ്റ് കട്ടിങ് മെഷീനുമായിട്ട് പോകുകയാണ്. എന്തൊരു പരിതാപകരമായ അവസ്ഥയാണിത്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കഴുത്ത് ഞെരിച്ച് കൊല്ലുന്ന അധികാര വികേന്ദ്രീകരണ സംവിധാനങ്ങളെയും മഹിതമായ ആശയത്തെയും ഇല്ലാതാക്കുന്ന ശ്രമങ്ങളാണ് നടത്തുന്നത്. മുമ്പ് രാജീവ് ഗാന്ധി ഈ നിയമം കൊണ്ടുവന്നപ്പോൾ എൽ.ഡി.എഫ് ബി.ജെ.പി.യുടെ കൂടെക്കൂടി രാജ്യസഭയിൽ പരാജയപ്പെടുത്തിയതാണ്. അതിനുശേഷം നരസിംഹ റാവു ഗവൺമെന്റ് രണ്ടാമത് അധികാരത്തിൽ

വന്നതിനുശേഷമാണ് രാജ്യസഭയിലൂടെ പാസ്സാക്കി നിയമം കൊണ്ടുവന്നത്. ഇവിടെ ശ്രീ. എ.കെ. ആന്റണി ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ പ്രമേയ അവതാരകനായ ശ്രീ. നജീബ് കാന്തപുരം പറഞ്ഞതുപോലെ ഈ നിയമസഭയിൽ വെളുപ്പാൻ കാലംവരെയിരുന്ന് പാസ്സാക്കിയതാണ്. അതിനുശേഷം നിങ്ങൾ എത്രയോ ഉത്തരവുകളിലൂടെ ഈ പ്രാദേശിക സർക്കാറുകളുടെ അധികാരം കവർന്നെടുക്കുകയും ഇവിടെനിന്നും തീരുമാനങ്ങളെടുത്ത് അവരുടെ മീതെ അടിച്ചേൽപ്പിക്കുകയും ചെയ്യുന്നുണ്ട്. പരിതാപകരമായ സ്ഥിതിയാണ് പഞ്ചായത്തുകളിൽ.

മി. സ്പീക്കർ: യെസ്... പ്ലീസ്...

ശ്രീ. വി.ഡി. സതീശൻ: സർ, ഫണ്ടില്ല, പദ്ധതിയില്ല, പദ്ധതി തുകയില്ല എല്ലാം വെട്ടിക്കുറച്ചു. നിങ്ങൾ നിങ്ങളുടെ പഞ്ചായത്തുകളിലെ പ്രസിഡന്റുമാരോടും മുനിസിപ്പാലിറ്റി ചെയർമാൻമാരോടും അന്വേഷിക്കു, എത്രായിരം കോടി രൂപയുടെ കുറവാണ് കേരളത്തിലുണ്ടായിരിക്കുന്നത്. പണമില്ലാത്തതിന് ഉത്തരവിറക്കി ജനങ്ങളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും കബളിപ്പിക്കുകയാണ് ചെയ്യുന്നത്. ഗുരുതരമായൊരു

വിഷയമാണ്. സാമ്പത്തിക പ്രതിസന്ധിയുടെ ഏറ്റവും വലിയ തെളിവായി ഞാനിതിനെ ചൂണ്ടിക്കാട്ടുന്നു. ഇന്ന് ലോക്കൽ ബോഡികൾക്ക് പ്രവർത്തിക്കാൻ കഴിയാത്ത തരത്തിൽ മുന്നോട്ട് പോകാൻ കഴിയാത്ത തരത്തിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധി.... ഗുരുതരമായ ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, വളരെ ഗുരുതരമായൊരു പ്രശ്നമെന്ന നിലയ്ക്കുതന്നെയാണ് ഈ അടിയന്തര പ്രമേയം ചർച്ചയ്ക്കെടുക്കണമെന്ന് പറഞ്ഞത്. പഞ്ചായത്ത് അല്ലെങ്കിൽ ലോക്കൽ ബോഡികൾ ഗവൺമെന്റുകളാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ് അവർക്ക് ധാരാളം പണികൾ കോവിഡ്-19 കാലയളവിലും അതിനുശേഷവും നിങ്ങൾ കൊടുത്തു. എല്ലാ ജോലിയും അവർ ചെയ്യണമെന്നുപറഞ്ഞു. അധികച്ചെലവുകൾ നിരവധിയുണ്ടാക്കി. എന്നാൽ അവർക്കുള്ള വരുമാനം വെട്ടിക്കുറച്ചുവെന്നത്

ഒരു യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ച വെട്ടിക്കുറവ് വരുത്തിയിട്ടില്ല ക്രമീകരണമേ നടത്തിയിട്ടുള്ളൂ. വെട്ടിക്കുറവിന്റെ പുതിയ പേര് ക്രമീകരണമെന്നാണെങ്കിൽ അതിപ്പോൾ ചെയ്തിരിക്കുകയാണ്. ക്രമീകരണമെന്നു പറയുന്നത് ഫലത്തിൽ അവർക്ക് ഫണ്ട് കുറഞ്ഞു, ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. ഇത് വളരെ വ്യക്തമായി കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ കേരളത്തിലെ കേരളത്തിലെ ലോക്കൽ ബോഡികൾ മുഴുവൻ പറയുന്നകാര്യമാണ്. ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. ഇങ്ങനെ നോക്കുകുത്തിയായി ഇരുന്നിട്ട് എന്താണ് കാര്യമെന്നുള്ള നിലയിലാണ്. ബഹുമാനപ്പെട്ട മന്ത്രി അത് പരിശോധിക്കണം. അല്ലെങ്കിൽതന്നെ ജീവനക്കാരില്ല, അതുപോലെ പല അധികാരങ്ങളും എടുത്തുമാറ്റി. നിലവിലുള്ള അധികാരം പ്രയോഗിക്കണമെങ്കിൽ സാമ്പത്തിക സ്ഥിതിയുണ്ടാകേണ്ടേ, പണമുണ്ടാകേണ്ടേ? ഒരു ഗവൺമെന്റ് അധികാര വികേന്ദ്രീകരണം നടത്തിയെന്നു പറഞ്ഞ് അഭിമാനപൂർവ്വം കാര്യങ്ങൾ പറഞ്ഞിട്ട് ഫണ്ടില്ലാതാകുകയും ആ തുക മുഴുവൻ വെട്ടിക്കുറവ് വരുത്തുക എന്നുള്ളത്..... ബഹുമാനപ്പെട്ട മന്ത്രിക്ക് അതിനെക്കുറിച്ച് കൺഫ്യൂഷനുണ്ടെന്നാണ് എനിക്ക്

തോന്നുന്നത്. വീണ്ടും പരിശോധിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ സൂചിപ്പിച്ചു. ലോക്കൽ ബോഡികൾക്ക് മൊത്തത്തിൽ വലിയ സാമ്പത്തിക കുറവ് വന്നു. എല്ലാവരും അതാണ് ചർച്ചചെയ്യുന്നത്. വെട്ടിക്കുറവ് വന്നിട്ടുണ്ട്. അതുപോലതന്നെ പദ്ധതി നിർവ്വഹണം പ്രയാസമായിരിക്കുകയാണ്. അത് പ്രതിസന്ധിതന്നെയാണ്. ഒരു ഗവൺമെന്റ് നിലച്ച മട്ടാണ്. ഒരു ഗുണവുമില്ല. അതുകൊണ്ട് ഇത് വളരെ ഗൗരവമുള്ളൊരു പ്രശ്നമാണ്. നമ്മുടെ സാമ്പത്തിക സ്ഥിതി മോശമായി വരുകയാണ് എന്നുള്ളത് നമ്മൾ ചർച്ച ചെയ്യേണ്ടേ? ലോക്കൽ ബോഡി എന്നുള്ളത് ഒരു ഗവൺമെന്റാണ്. കേരള ഗവൺമെന്റിനുതന്നെ പണമില്ലെന്നൊരു പ്രശ്നം ഗൗരവമായി ചർച്ച ചെയ്യേണ്ടൊരു കാര്യമാണ്. ചർച്ച ചെയ്യാതെ മാറ്റിവച്ച് വലിയ ആശങ്കയുണ്ടാക്കുന്ന സ്ഥിതിയിലെത്തിയതിനുശേഷം പിന്നെയൊന്നും ചെയ്യാൻ കഴിയില്ല. ഇപ്പോൾ തന്നെ വികസന കാര്യങ്ങൾക്കും നിത്യച്ചെലവുകൾക്കും ഫണ്ടില്ല. വികസന കാര്യങ്ങൾ പലതും മുടങ്ങുകയാണ്. പൊതുമരാമത്ത് വർക്കുകളായാലും, ഇറിഗേഷനായാലും, ബാക്കിയുള്ളതായാലും എല്ലാത്തിനും ഫണ്ടിന്റെ കുറവ് സീരിയസ്സായി ബാധിക്കുന്നുണ്ട്. ലോക്കൽ

ബോഡീസിന്റെ പ്രവർത്തനമാണ് ഇപ്പോൾ നിലച്ചിരിക്കുന്നത്. അതുകൊണ്ടിത് ഗൗരവമുള്ള പ്രശ്നം തന്നെയാണ്. ഗവൺമെന്റ് ആ ഒരു ഗൗരവത്തിൽ കണ്ട് വിഷയങ്ങൾ ചർച്ചചെയ്യുന്നതാണ് നല്ലത്. അല്ലാതെ ഒന്നുമില്ല എല്ലാം ക്രമീകരണമാണ് എന്നുപറഞ്ഞതുകൊണ്ടുമാത്രം കാര്യങ്ങൾ നേരെചൊവ്വെ പോകില്ല. ഗവൺമെന്റ് ഇതിന്റെ ഗൗരവം ഉൾക്കൊണ്ടിട്ടില്ലെന്നുള്ളതുകൊണ്ടാണ് ചർച്ചയ്ക്ക് വിസമ്മതിക്കുന്നത്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ യഥാർത്ഥത്തിൽ സ്തംഭിച്ചിരിക്കുകയാണ്. ഏപ്രിൽ മാസത്തിൽ പ്രവർത്തനങ്ങളെല്ലാം തുടങ്ങേണ്ടതാണ്. പക്ഷേ, വാർഷിക പദ്ധതി ഫൈനലൈസ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇനി എന്ന് ഫൈനലൈസ് ചെയ്യുമെന്ന് പറയാനും കഴിയില്ല. അതുകൊണ്ട് ഈ വിഷയങ്ങളിൽ

നിലവിലുള്ള ഉത്തരവുകളെല്ലാം യഥാർത്ഥത്തിൽ ഫണ്ട് വെട്ടിച്ചുരുക്കിയിരിക്കുകയാണ്. സഭനിർത്തിവച്ച് ഇക്കാര്യം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, പ്രളയം, കോവിഡ്-19 അടക്കമുള്ള എല്ലാ കാര്യങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വലിയ ഉത്തരവാദിത്തങ്ങളാണ് സർക്കാർ ഏൽപ്പിച്ചത്. അതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭംഗിയായി നിർവ്വഹിച്ചു. ജലജീവൻ മിഷന്റെ 15 ശതമാനം തുക തദ്ദേശ സ്ഥാപനങ്ങൾ കണ്ടെത്താൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതിനിടയിലാണ് മെയിന്റനൻസ് ഗ്രാന്റ് ഉൾപ്പെടെയുള്ളവ വെട്ടിക്കുറച്ച സമീപനം സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതല്ല ഗ്രൗണ്ട് റിയാലിറ്റി. പദ്ധതികൾ ഇതുവരെ ആരംഭം കുറിക്കാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ തദ്ദേശസ്ഥാപനങ്ങളെ കഴുത്തുഞെരിക്കുന്ന സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകരുത്. അവർക്ക് സ്വതന്ത്രമായ

പ്രവർത്തനത്തിനുള്ള സാഹചര്യം കേരളത്തിലുണ്ടാകണം. ഏറ്റവും ഗുരുതരമായൊരു വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

ശ്രീമതി കെ. കെ. രമ: സർ, ബഡ്ജറ്റിൽ തുക വകയിരുത്തിയതിനുശേഷമാണ് പദ്ധതികൾ ജനങ്ങളുടെ മുന്നിൽ പ്രഖ്യാപിച്ച് ഗ്രാമസഭകളും വികസന സെമിനാറുകളുമെല്ലാം പദ്ധതി അവതരിപ്പിച്ചതിനുശേഷമാണ് ഫണ്ടില്ലാത്തൊരു സാഹചര്യമുണ്ടായിരിക്കുന്നത്. ഇത് പഞ്ചായത്തുകളുടെ തനത് പ്രവർത്തനങ്ങൾക്ക് സേവന മേഖലയിലും ഉൽപ്പാദന മേഘലയിലുമൊക്കെയുള്ള പ്രവർത്തനങ്ങൾക്ക് വലിയ പ്രതിസന്ധി സൃഷ്ടിക്കുകയാണ്. സ്ട്രീറ്റ് ലൈറ്റുകളും, റോഡുകളും, കുടിവെള്ളവുമുൾപ്പെടെയുള്ള പദ്ധതികൾ പ്രഖ്യാപിച്ചതിനുശേഷം നടത്താൻ കഴിയാതെ തലയിൽ മുണ്ടിട്ട് നടക്കേണ്ട ഗതികേടിലാണ് പഞ്ചായത്ത് ഭരണസമിതി അംഗങ്ങളുള്ളത്.

ഗുരുതരമായ ഈ പ്രതിസന്ധി ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)